# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 839 12.12.2012 ൽ മറുപടിക്ക്

## അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി സി.എച്ച്.സി. കളിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എം. ആരിഫ് | | ശ്രീ. വി എസ് ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | അരൂർ നിയോജക മണ്ഡലത്തിലെ അരൂക്കുറ്റി ആശുപത്രിയിൽ സി.എച്ച്.സി.യിൽ ഐ.പി.എച്ച് സ്റ്റാൻഡേർഡ് പ്രകാരമുള്ള അത്രയും ഡോക്ടർമാരെ നിയമിക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ അപേക്ഷ ലഭിച്ചുവോ; ആയതിന്മേൽ തസ്തിക സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; തൈക്കാട്ടുശ്ശേരി സി.എച്ച്.സി.യിൽ സ്റ്റൈങ്ങ്ത് പ്രകാരമുള്ള ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; | (എ) | അരൂക്കുറ്റി ആശുപത്രിയിൽ സി.എച്ച്.സി.യിൽ ഐ.പി.എച്ച് സ്റ്റാൻഡേർഡ് പ്രകാരമുള്ള ഡോക്ടർമാരെ നിയമിക്കണമെന്ന സ്ഥലം എം.എൽ.എ.യുടെഅപേക്ഷ ലഭിച്ചിട്ടുണ്ട്. അരൂക്കുറ്റി സി.എച്ച്.സി.യിൽ ഐ.പി.എച്ച് സ്റ്റാൻഡേർഡ് പ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിന് പൂർണ്ണമായ ശുപാർശ ലഭിച്ചിട്ടില്ല. തൈക്കാട്ടുശ്ശേരി സി.എച്ച്.സി.യിൽ ഒഴിവുള്ള ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 ന്റെ ഒരു തസ്തിക ഉടൻ നികത്തുന്നതാണ്. |
| (ബി) | ദേശീയപാതയോരത്തെ പ്രധാന ആശുപത്രിയായ തുറവൂർ താലൂക്ക് ആശുപത്രിയുടെ ഗ്രേഡ് ഉയർത്തിയത് പ്രകാരം അവിടെ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | തുറവൂർ താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും തസ്തികകളിൽ ഒഴിവു വരുന്ന മുറയ്ക്ക് നിയമനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ